പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 4258 — 16.12.2014-ൽ മറുപടിയ്ക്ക്

## ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

ചോദ്യം

ശ്രീ. ഇ.പി.ജയരാജൻ

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന എന്തെല്ലാം പദ്ധതികളാണ് ഉള്ളത്; പരമാവധി എത്ര ധനസഹായമാണ് ഓരോ പദ്ധതി മുഖേനയും നൽകുന്നത്; | എ) | ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് സ്കീം, കോർപ്പസ് ഫണ്ട് ഭവന നിർമ്മാണം, എഫ്.ആർ.സി ഹൗസിംഗ്, പി.വി.റ്റി.ജി ഹൗസിംഗ് എന്നീ പദ്ധതികൾ നിലവിലുണ്ട്. സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം നടത്തുന്നതിനായി സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽപ്പെടുത്തി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതിയിലുൾപ്പെടുത്തി 2000 വീടുകൾ നിർമ്മിക്കുന്നതിനും ഹഡ്കോയിൽ നിന്നും ലഭ്യമാക്കുന്ന വായ്പ തുകയുപയോഗിച്ച് 2000 വീടുകളും, ഐ.എ.വൈ പദ്ധതി പ്രകാരം 9337 വീടുകളുമുൾപ്പെടുത്തി ടി പദ്ധതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഈ സ്കീമുകളിൽ |

| | | | |
|---|---|---|---|
| | | | പി.വി.റ്റി.ജി ഹൗസിംഗ് ഒഴികെ ഭവന നിർമ്മാണ ധനസഹായം 2.50 ലക്ഷം രൂപയാണ്. പി.വി.റ്റി.ജി ധനസഹായം 3.50 ലക്ഷം രൂപയാണ്. |
| ബി) | നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കി വെയ്ക്കുകയുണ്ടായി; | ബി) | ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് സ്കീം, കോർപ്പസ് ഫണ്ട് ഭവന നിർമ്മാണം, എഫ്.ആർ.സി ഹൗസിംഗ്, പി.വി.റ്റി.ജി ഹൗസിംഗ് എന്നീ പദ്ധതികൾക്കായി 33 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| സി) | ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്; | സി) | ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ജനറൽ ഹൗസിംഗ് സ്കീം, കോർപ്പസ് ഫണ്ട് ഭവന നിർമ്മാണം, എഫ്.ആർ.സി ഹൗസിംഗ്, പി.വി.റ്റി.ജി ഹൗസിംഗ് എന്നീ പദ്ധതികൾ ഗുണഭോക്താക്കൾ നേരിട്ടാണ് നടത്തുന്നത്. |
| ഡി) | നടപ്പ സാമ്പത്തിക വർഷം ഓരോ ജില്ലയിലും എത്ര ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയുണ്ടായി; | ഡി) | നടപ്പ സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖാന്തിരം ജനറൽ ഹൗസിംഗ് പദ്ധതി നടപ്പിലാക്കുന്നതിലെ ഗുണഭോക്താക്കളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.<br>ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന ഐ.എ.വൈ പദ്ധതി മുഖാന്തിരം വിവിധ ജില്ലകളിൽ 9337 വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ? | ഇ) | ഭവന രഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളെ ഊരുകൂട്ട ലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിലാണ് ഭവന നിർമ്മാണത്തിനായി തെരഞ്ഞെടുക്കുന്നത് |

സെക്ഷൻ ഓഫീസർ

# Detailes of Houses to be Constructed in 2014-15

| SL. No | PO/TDO's | District | No.of houseless families | IAY Housing (Expected) | General Housing |
|---|---|---|---|---|---|
| 1 | Project Office, ITDP, Nedumangadu | Thiruvananthapuram | 2181 | 538 | 100 |
| 2 | Tribal Development Office, Punalur | Kollam | 413 | 155 | 70 |
| | | Alapuzha | 122 | 104 | 30 |
| 3 | Tribal Development Office,Ranni | Pathanamthitta | 83 | 170 | 80 |
| 4 | Project Office ,ITDP, Kanjirappally | Kottayam | 562 | 450 | 100 |
| 5 | Tribal Development Office, Muvattupuzha | Eranakulam | 284 | 226 | 80 |
| 6 | Project Office ,ITDP, Idukki | Idukki | 4280 | 1408 | 240 |
| 7 | Tribal Development Office, Chalakkudy | Thrissur | 195 | 150 | 80 |
| 8 | Tribal development Officer,Palakkad | Palakad | 766 | 500 | 80 |
| 9 | Project Office ,ITDP, Attappady | | 3595 | 531 | 140 |
| 10 | Project Office ,ITDP, Nilambur | Malapuram | 543 | 306 | 100 |
| 11 | Tribal Development Office, Kozhikode | Kozhikode | 616 | 172 | 80 |
| 12 | Project Office ,ITDP, Kalpatta | Wayanad | 2104 | 1125 | 180 |
| 13 | Tribal Development Office, Mananthavady | | 5295 | 1125 | 180 |
| 14 | Tribal Development Office,S.bathery | | 4584 | 1007 | 180 |
| 15 | Project Office ,ITDP,Kannur | Kannur | 1512 | 568 | 80 |
| 16 | Tribal Development Office, Kasargodu | Kasargodu | 3173 | 802 | 200 |
| | **SUB TOTAL** | | **30308** | **9337** | **2000** |
| | **GRAND TOTAL** | | | **11337** | |